കേരള സർക്കാർ

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

# കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ഭരണ റിപ്പോർട്ട് 2021-2022

©

കേരള സർക്കാർ

2022

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിൽ അച്ചടിച്ചത്-2022.

# ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

## കേരള സംസ്ഥാന
## ഭൂവിനിയോഗ ബോർഡിന്റെ
## ഭരണ റിപ്പോർട്ട് 2021-2022

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്—കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട്— പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 410/2022/P & EA തിരുവനന്തപുരം, 2022 ഒക്ടോബർ 28.

*പരാമർശം:* — കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ 11-7-2022 തീയതിയിലെ എൽ.യു.ബി./252/2022-ഇ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് പരാമർശപ്രകാരം ഭൂവിനിയോഗ ബോർഡ് കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

2. പ്രസ്തുത ഭരണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവാകുന്നു. ഭരണ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മഞ്ജു എം. എസ്.,
*അണ്ടർ സെക്രട്ടറി.*

3/146/2022/SMT.—i

പകർപ്പ്:

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.എം.ജി., തിരുവനന്തപുരം.

കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ്, റിംഗ് റോഡ്, ന്യൂഡൽഹി-2.

പൊതുഭരണ (എ.ആർ.) വകുപ്പ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

# വാർഷിക ഭരണ റിപ്പോർട്ട് 2021-22

| | | |
|---|---|---|
| വകുപ്പിന്റെ പേര് | : | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് |
| മന്ത്രി | : | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| സെക്രട്ടറി | : | ഡോ. വേണു വി., ഐ. എ. എസ്.<br>(അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)<br>(29-5-2020—12-7-2021)<br><br>ശ്രീ. ടീക്കാ റാം മീണ ഐ. എ. എസ്.<br>(അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)<br>(13-7-2021—28-2-2022)<br><br>ശ്രീ. സഞ്ജയ് കൌൾ ഐ. എ. എസ്.<br>(സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)<br>(1-3-2022—31-3-2022) |
| വകുപ്പ് അദ്ധ്യക്ഷൻ | : | ശ്രീ. എ. നിസാമുദ്ദീൻ (ഭൂവിനിയോഗ കമ്മീഷണർ) |

## ആമുഖം

കേരള സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനുകീഴിൽ 1975-ൽ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് പ്രവർത്തനമാരംഭിച്ചു. 2007 ഫെബ്രുവരി 7-ന് G. O. (Ms.) No. 3/2007/Plg. പ്രകാരം സംസ്ഥാന സർക്കാർ ഭൂവിനിയോഗ ബോർഡിനെ വകുപ്പായി പ്രഖ്യാപിച്ചു. മണ്ണ്, ജലം, സസ്യ, മൃഗ വ്യവസ്ഥകൾ തുടങ്ങിയ ഭൂവിഭവങ്ങളുടെയും ഭൂമിയുടെയും സുസ്ഥിരവും അനുയോജ്യവുമായ ഉപയോഗത്തെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വേണ്ടിയാണ് വകുപ്പ് നിലവിൽ വന്നത്. സംസ്ഥാനത്തെ പ്രകൃതി വിഭവ ഭൂവിനിയോഗ നിർവ്വഹണത്തിനാവശ്യമായ ചട്ടങ്ങൾക്ക് രൂപം നൽകുന്നതിൽ സംസ്ഥാന സർക്കാരിനെ സഹായിക്കുകയെന്നതും വകുപ്പിന്റെ പ്രവർത്തനമാണ്.

സംസ്ഥാനത്ത് നിലവിലുള്ള ഭൂമിയുടെ വിനിയോഗം അവലോകനം ചെയ്യുകയും ഫലപ്രദമായ വിധത്തിൽ ഭൂവിനിയോഗം നടത്തുവാനുള്ള ഉപദേശം നൽകുക എന്നതാണ് ഭൂവിനിയോഗ ബോർഡിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിന്റെ പൊതുവിലുള്ള കാർഷിക നിയമങ്ങളിൽ ഉപദേശങ്ങളും ഭൂമിയുടെ സംരക്ഷണം, വികസനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അഭിപ്രായങ്ങളും വകുപ്പ് നൽകുന്നുണ്ട്.

സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ ഭൂവിഭവങ്ങളെ സംബന്ധിച്ച വിവരശേഖരം ലഭ്യമാണ്. വകുപ്പിൽ ലഭ്യമായ ഈ സൗകര്യങ്ങളെ പല സ്ഥാപനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥികൾ, യുവജനങ്ങൾ, ആസൂത്രകർ, കർഷകർ, തദ്ദേശ ഭരണസ്ഥാപന പ്രതിനിധികൾ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉൾപ്പെടുന്നവർക്കായി നമ്മുടെ അമൂല്യമായ ഭൂവിഭവങ്ങളുടെ സംരക്ഷണം, വികസനം, പരിപാലനം എന്നിവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി വകുപ്പ് നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നു.


ഈ വകുപ്പിൽ തയ്യാറാക്കിയിട്ടുള്ള വിഭവാധിഷ്ഠിത പരിപ്രേക്ഷ്യം പദ്ധതി റിപ്പോർട്ട്, സംസ്ഥാന നീർത്തട ഭൂപടം, ഭൂഭ്രംശ സാധ്യതയുള്ള മേഖലകളെ കുറിച്ചുള്ള പഠനം എന്നിവ അതുല്യമായതും രാജ്യത്ത് ഇത്തരത്തിൽ ആദ്യത്തേതുമാണ്. നീർത്തടങ്ങളെ അടിസ്ഥാനമാക്കി ദീർഘവീക്ഷണത്തോടു കൂടിയ വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് ഈ വിവരങ്ങൾ വിവിധ ശാസ്ത്ര സാങ്കേതിക വികസന സ്ഥാപനങ്ങളെയും, വികസന വകുപ്പുകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വളരെയധികം സഹായിച്ചുവരുന്നു.

കൃഷി, ജിയോളജി, ഭൂഗർഭജലം, മണ്ണ് സംരക്ഷണം, മണ്ണ് സർവ്വേ, സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ വിവിധ രംഗങ്ങളിൽ പരിശീലനവും പരിചയവുമുള്ള സാങ്കേതിക ഉദ്യോഗസ്ഥരാണ് വകുപ്പിൽ പ്രവർത്തിക്കുന്നത്. വിവര ശേഖരണത്തിനും പഠനത്തിനുമായി വിവിധ തോതിലുള്ള ഉപഗ്രഹ ചിത്രങ്ങൾ, ടോപ്പോഷീറ്റുകൾ, ഏരിയൽ ഫോട്ടോഗ്രാഫുകൾ എന്നിവയും ഭൂവിനിയോഗ ബോർഡിലുണ്ട്.

**പ്രധാന പ്രവർത്തനങ്ങൾ**

- നിലവിലുള്ള ഭൂവിഭവങ്ങളെയും ഭൂവിനിയോഗത്തെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക.
- ശരിയായ ഭൂവിനിയോഗത്തെക്കുറിച്ചും, ഭൂമിയുടെ ഉല്പാദനക്ഷമതയും ഗുണമേന്മയും കുറയുന്നതിനെക്കുറിച്ചും, ഭൂവിഭവ സംരക്ഷണ മാർഗ്ഗങ്ങളെ കുറിച്ചും ശാസ്ത്രീയ പഠനങ്ങൾ ഏറ്റെടുക്കുക.
- ഭൂവിനിയോഗ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഭൂമി സംബന്ധമായ കൃത്യമായ തീരുമാനങ്ങളിലെത്തിച്ചേരുന്നതിന് അനുയോജ്യമായ നയരൂപീകരണത്തിന് സർക്കാരിന് ശുപാർശ നൽകുകയും ചെയ്യുക.
- ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും, വികസനത്തിനും, പരിപാലനത്തിനും, ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഭൂവിഭവ പരിപാലനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
- ജലവിഭവപരിപാലന പദ്ധതി തയ്യാറാക്കുക
- നദീതട പ്ലാനുകൾ തയ്യാറാക്കുക
- ഇക്കോറെസ്റ്റോറേഷൻ പദ്ധതി തയ്യാറാക്കുക
- ഭൂവിവര സംവിധാനം തയ്യാറാക്കുക
- തണ്ണീർത്തട വിവര സംവിധാനം തയ്യാറാക്കുക
- വിവിധ സ്ഥാപനങ്ങൾക്കുള്ള ജി.ഐ.എസ്. സപ്പോർട്ട്, ഗവേഷണ വിദ്യാർത്ഥികൾക്കും മറ്റും ഇന്റേൺഷിപ്പ് സൗകര്യം

## ORGANISATIONAL CHART



| HEADQUARTERS | REGIONAL OFFICE |
|---|---|
| Kerala State Land Use Board,<br>Vikas Bhavan P. O.,<br>Thiruvananthapuram,<br>Kerala, Pin-695 033.<br>Phone : 0471-2302231, 2307830<br>Fax : 0471-2307838<br>e-mail:landuseboard@yahoo.com | Kerala State Land Use Board,<br>Regional Office,<br>Municipal Shopping Complex,<br>2nd Floor, D-Block, Patturaickal,<br>Thrissur-680 022.<br>Phone/Fax-0487-2321868<br>e-mail:kslub.regionaltsr@gmail.com |

## ORGANISATIONAL SET UP

വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| ഹെഡ്ക്വാർട്ടേഴ്സ് | : | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്,<br>വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം,<br>കേരള, പിൻ. 695 033. |
| മേഖലാ കാര്യാലയം | : | മേഖലാ കാര്യാലയം,<br>കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്,<br>മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്,<br>രണ്ടാം നില, ഡി ബ്ലോക്ക്, പാട്ടുരായ്ക്കൽ,<br>തൃശ്ശൂർ - 680 022. |

വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള ഓഫീസുകൾ : ഇല്ല

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ : ഇല്ല

<u>വെബ്സൈറ്റ്, മേൽവിലാസം, ഫോൺ നമ്പർ, ഫാക്സ് നമ്പർ</u>

| | | |
|---|---|---|
| വെബ്സൈറ്റ് | : | www.kslub.kerala.gov.in |
| മേൽവിലാസം | : | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്,<br>വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം,<br>കേരള, പിൻ-695 033 |
| ഫോൺ നമ്പർ/<br>ഫാക്സ് നമ്പർ | : | ഫോൺ : 0471-2302231, 2307830<br>ഫാക്സ് : 0471-2307838 |
| ഇ-മെയിൽ | : | landuseboard@yahoo.com |

പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ:

| ക്രമ നമ്പർ | പേര്, തസ്തിക | ഫോൺ നമ്പർ (O) | മൊബൈൽ നമ്പർ | ഇ-മെയിൽ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ശ്രീ. എ. നിസ്സാമുദ്ദീൻ, ഭൂവിനിയോഗ കമ്മീഷണർ | 0471-2302231, 2307830 | 9446503040 | nizams@rediffmail.com nizam.401261@kerala.gov.in |
| 2 | ശ്രീമതി ഷൈലമ്മ കെ., ഡെപ്യൂട്ടി ഡയറക്ടർ, (സ്റ്റാറ്റിസ്റ്റിക്സ്) | ,, | 9446471351 | shailamma.390609@kerala.gov.in |
| 3 | ശ്രീമതി ടീന ഭാസ്കരൻ, ഡെപ്യൂട്ടി ഡയറക്ടർ (അഗ്രിക്കൾച്ചർ) | ,, | 9995868069 | tina.425862@kerala.gov.in |
| 4 | ശ്രീ. അജി എസ്., അസിസ്റ്റന്റ് ഡയറക്ടർ (അഗ്രിക്കൾച്ചർ) | ,, | 9447470017 | aji.685906@kerala.gov.in |
| 5 | ശ്രീമതി ലിബി എസ്. എസ്, അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ) | ,, | 9072775236 | libi.784307@kerala.gov.in |
| 6 | ശ്രീ. സുബ്രഹ്മണ്യം ജി., സ്പെഷ്യലിസ്റ്റ് (ഹൈഡ്രോജിയോളജി) | ,, | 9447146624 | subi.352015@kerala.gov.in |
| 7 | ശ്രീമതി അംബിക ചന്ദ്രൻ, അഗ്രോണമിസ്റ്റ് | ,, | 9605300511 | ambika.873361@kerala.gov.in |
| 8 | ശ്രീമതി ജെമി ജോസഫ്, സ്പെഷ്യലിസ്റ്റ് (സോയിൽ കൺസർവേഷൻ) | ,, | 7034426173 | jemi.907072@kerala.gov.in |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | ശ്രീ. അരുൺജിത്ത് പി. സ്പെഷ്യലിസ്റ്റ് (സോയിൽ സയൻസ്) | „ | 8086002396 | arunjith.915552@kerala gov.in |
| 10 | ശ്രീമതി സിമി. എസ്., അഗ്രികൾച്ചറൽ ഓഫീസർ | „ | 9995851944 | simi.793848@kerala.gov.in |
| 11 | ശ്രീ. ഹരിദാസ് ജി., സീനിയർ സൂപ്രണ്ട് | „ | 9447698703 | haridas.351989@kerala. gov.in |
| 12 | ശ്രീ. അൽത്താഫ് ഹൈദരി കെ., അസിസ്റ്റന്റ് ജിയോളജിസ്റ്റ് | „ | 9995876472 | althaf.352016@kerala.gov.in |
| 13 | ശ്രീമതി ലത പി., കാർട്ടോഗ്രാഫർ | „ | 8547685907 | letha.352012@kerala.gov.in |
| 14 | കുമാരി ശ്രീനിമോൾ കെ. ആർ. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | „ | 8129629404 | sreenimol.922738@kerala. gov.in |
| | **മേഖലാ കാര്യാലയം, തൃശ്ശൂർ** | | | |
| 15 | ശ്രീ. സജീവ് ആർ. എസ്., അസിസ്റ്റന്റ് ഡയറക്ടർ | 0487-2321869 | 9744101687 | sajeev.685779@kerala. gov.in |
| 16 | ശ്രീമതി ലക്ഷ്മി കെ. എം., കൃഷി ഓഫീസർ | „ | 9562960486 | lakshmi.815668@kerala. gov.in |

വകുപ്പിലെ വിവിധ മേഖലകളുടെ പ്രവർത്തനങ്ങൾ : കാർട്ടോഗ്രാഫി - വിവിധ വകുപ്പുകൾക്കും പൊതുജനങ്ങൾക്കും ഡാറ്റാ ലഭ്യമാക്കൽ

നടപ്പുവർഷം ഉണ്ടായ നിർമ്മാണ പ്രവർത്തനങ്ങൾ : ഇല്ല

നടപ്പ് സാമ്പത്തികവർഷം പ്രവർത്തനം നിർത്തലാക്കിയ ഓഫീസുകൾ : ഇല്ല

**മാനവ വിഭവശേഷി**

വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം (സ്ഥിരം/താൽക്കാലികം)

| ക്രമ നമ്പർ | തസ്തിക | അനുവദിച്ചിരിക്കുന്ന എണ്ണം | നിലവിലുള്ളത് | |
|---|---|---|---|---|
| | | | സ്ഥിരം | താല്കാലികം |
| 1 | ഗസറ്റഡ് | 21 | 17 | 1 |
| 2 | നോൺ ഗസറ്റഡ് | 43 | 33 | 6 |

കരാർ, അന്യത്ര സേവനം, ദിവസ വേതനം വ്യവസ്ഥകളിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ (എണ്ണം)

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ള എണ്ണം |
|---|---|---|
| 1 | കരാർ അടിസ്ഥാനം | 11 |
| 2 | അന്യത്ര സേവനം | *1 |
| 3 | ദിവസ വേതനം | **41 |
| 4 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന | ***41 |

*ഹെഡ്ക്വാർട്ടേഴ്സ് – 1, (സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് മുഖേന നികത്തുന്നത് – 1)

**ഹെഡ്ക്വാർട്ടേഴ്സ് – 23, മേഖലാ കാര്യാലയം – 18

***ഹെഡ്ക്വാർട്ടേഴ്സ് – 32, മേഖലാ കാര്യാലയം – 9

**നടപ്പു സാമ്പത്തികവർഷം നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ**

1. ഗസറ്റഡ് : 2
2. നോൺ ഗസറ്റഡ് : 3

- വിരമിക്കൽ : 1
- പിരിച്ചുവിടൽ/തസ്തിക കുറയ്ക്കൽ : ഇല്ല

- തദ്ദേശ സ്ഥാപനങ്ങളിലേക്ക് സ്ഥലമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ : ഇല്ല

- അന്യത്ര സേവനത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ : 1

- തസ്തിക രൂപീകരിച്ചതിന്റെ/നിർത്തലാക്കിയതിന്റെ വിശദാംശങ്ങൾ : ഇല്ല

- സൂപ്പർന്യൂമററി തസ്തികകൾ : ഇല്ല

വകുപ്പിലെ ഡ്രൈവറായ ശ്രീ. സുരേഷ് എ. G. O. (Rt.) 252/2021/Plg. Dated 15-6-2021 പകാരം ഡ്രാഫ്റ്റ്മാൻ ജി.ഐ.എസ്. II-ൽ തസ്തിക മാറ്റംവഴി നിയമിക്കപ്പെട്ടു.

**പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ**

1. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി ജി.ഐ.എസ്.-ൽ 2 ഹസ്വകാല പരിപാടികൾ സംഘടിപ്പിച്ചു.

2. പ്ലാൻ സ്പേസിൽ ആനുവൽ പ്ലാൻ അപ്ഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഓൺലൈൻ പരിശീലനത്തിൽ രണ്ട് ഉദ്യോഗസ്ഥർ പങ്കെടുത്തു.

3. EcoDRR എന്ന വിഷയത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ രണ്ട് ഉദ്യോഗസ്ഥർ പങ്കെടുത്തു.

4. Skill Enhancement Program on e-Governance എന്ന വിഷയത്തിൽ ഐ.എം.ജി. സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ രണ്ട് ഉദ്യോഗസ്ഥർ പങ്കെടുത്തു.

5. വെള്ളായണി കാർഷിക കോളേജ്, അമ്പലവയൽ കാർഷിക കോളേജ്, പട്ടണക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്ക് RAWE-watershed module-ന്റെ ഭാഗമായി spatial technology പ്രയോഗിച്ച് നീർത്തടാധിഷ്ഠിത കർമ്മ പദ്ധതി തയ്യാറാക്കൽ പരിശീലനം ഹെഡ് ഓഫീസിൽനിന്നും വകുപ്പ് നൽകി.

6. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര ഹോർട്ടിക്കൾച്ചറൽ കോളേജിലെ വിദ്യാർത്ഥികൾക്ക് RAWE-യുടെ ഭാഗമായി നീർത്തട മാസ്റ്റർപ്ലാൻ രൂപീകരണത്തിൽ മേഖല ഓഫീസിൽനിന്നും പരിശീലനം നൽകി.

- അവാർഡുകൾ, പാരിതോഷികങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവ : ഇല്ല

| | | |
|---|---|---|
| വകുപ്പിലെ ജീവനക്കാർക്കെതിരെയുള്ള നിയമ നടപടികൾ | : | വകുപ്പിലെ ഒരു ഓഫീസ് അറ്റൻഡന്റിനെ 25-9-2021-ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |

**വകുപ്പിന്റെ പ്രവർത്തനങ്ങൾ**

നിയമപ്രകാരവും നിയമേതരവുമായ ധർമ്മങ്ങൾ

വകുപ്പിന് നിയമപ്രകാരമുള്ള ധർമ്മങ്ങൾ (Statutory functions) ഒന്നും തന്നെയില്ല. നിയമേതര പ്രവർത്തനങ്ങൾ (non statutory) ചുവടെ ചേർക്കുന്നു:

- നിലവിലുള്ള ഭൂവിഭവങ്ങളെയും ഭൂവിനിയോഗത്തെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക.
- ശരിയായ ഭൂവിനിയോഗത്തെക്കുറിച്ചും, ഭൂമിയുടെ ഉല്പാദനക്ഷമതയും ഗുണമേന്മയും കുറയുന്നതിനെക്കുറിച്ചും, ഭൂവിഭവ സംരക്ഷണമാർഗ്ഗങ്ങളെ കുറിച്ചും ശാസ്ത്രീയ പഠനങ്ങൾ ഏറ്റെടുക്കുക.
- ഭൂവിനിയോഗ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഭൂമി സംബന്ധമായ കൃത്യമായ തീരുമാനങ്ങളിലെത്തിച്ചേരുന്നതിന് അനുയോജ്യമായ നയരൂപീകരണത്തിന് സർക്കാരിന് ശുപാർശ നൽകുകയും ചെയ്യുക.
- ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും, വികസനത്തിനും, പരിപാലനത്തിനും, ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഭൂവിഭവ പരിപാലനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

**വകുപ്പ് നൽകിവരുന്ന പ്രധാന സേവനങ്ങൾ**

1. ഭൂവിഭവങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കൽ
2. നീർത്തടങ്ങളുടെ സൂക്ഷ്മതല ചിത്രണം
3. കാർഷിക പാരിസ്ഥിതിക മേഖലകളുടെ തരംതിരിക്കൽ
4. അനുയോജ്യമായ ഭൂവിനിയോഗത്തിനുള്ള ശുപാർശകൾ
5. പ്രാദേശിക ഘടകങ്ങൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
6. പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ
7. ഭൂവിഭവ സംരക്ഷണത്തിനായുള്ള ബോധവൽക്കരണം
8. സംയോജിത നീർത്തട പദ്ധതിയിൻകീഴിൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ.

**വ്യാപാര-നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ**

ഭൂപടങ്ങളുടെയും ഷെയ്പ് ഫയലുകളുടെയും വിൽപ്പന - ₹ 11,78,508

## വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

### 1. ജിയോ ഇൻഫർമാറ്റിക്സ് ലാബ്

ഭൂവിനിയോഗ ബോർഡ് വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആവശ്യപ്രകാരം വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ട സ്ഥലപരമായ വിവരങ്ങളും ഭൂപടങ്ങളും തയ്യാറാക്കി നൽകി. ഗ്രാമവികസന കമ്മീഷണറേറ്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പ്രധാന പദ്ധതികൾക്ക് ആവശ്യമായ വിവിധതരം ഭൂപടങ്ങൾ വകുപ്പ് ലഭ്യമാക്കി. കൊല്ലം, വയനാട് ജില്ലകളുടെ തരിശ്ശ് ഭൂമിയുടെ സ്പെഷ്യൽ ഡാറ്റാബേസ് തയ്യാറാക്കി. ഇതുകൂടാതെ വാമനപുരം നദി പുനരുജ്ജീവന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.

### ലാൻഡ് യൂസ് ഡിസിഷൻ മോഡൽ

വിവിധ ജില്ലകളിലായി, പ്രളയ/ഉരുൾപ്പൊട്ടൽ ബാധിത വില്ലേജുകൾ ഉൾപ്പെടുന്ന 11 ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഭൂവിനിയോഗം, പ്രശ്നങ്ങൾ, സാധ്യതകൾ എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുയോജ്യമായതും, പരമാവധി ഉൽപ്പാദനവും വരുമാനവും ലഭ്യമാകുന്ന തരത്തിലുള്ളതുമായ ഭൂവിനിയോഗ മാതൃകകൾ തയ്യാറാക്കി.

### പഞ്ചായത്ത്തല പ്രകൃതി വിഭവ ഡാറ്റാ ബാങ്ക്

വകുപ്പിൽ തയ്യാറാക്കിയ വിവരങ്ങളും വിവിധ വകുപ്പുകളിൽ ഭൂവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ അടിസ്ഥാന വിവരങ്ങളും ശേഖരിച്ച് പത്തനംതിട്ട ജില്ലയുടെ പഞ്ചായത്ത്തല പ്രകൃതി വിഭവ ഡാറ്റാബാങ്ക് തയ്യാറാക്കി.

### ജലസമൃദ്ധി പദ്ധതിയുടെ ഡോക്യുമെന്റേഷൻ

കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന "വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി" പദ്ധതിയുടെ ഭാഗമായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തു. റിപ്പോർട്ടുകൾ തയ്യാറാക്കി. കൂടാതെ, പദ്ധതിക്ക് വേണ്ടി ആരംഭിച്ച വെബ്സൈറ്റിൽ എല്ലാ വിവരങ്ങളും ലഭ്യമാക്കുകയും ചെയ്തു.

**5. പ്രകൃതി വിഭവ പരിപാലന പദ്ധതി**

സുസ്ഥിര വികസനത്തിനായുള്ള ആസൂത്രണത്തിനും ദാരിദ്ര്യ നിർമ്മാ ജ്ജനത്തിനും ഭക്ഷ്യ സുരക്ഷയ്ക്കും അത്യന്താപേക്ഷിതമായ നീർത്തട ധിഷ്ഠിത കർമ്മ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തയ്യാറാക്ക നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

1. തൂത നദീതടത്തിന്റെ പ്രകൃതി വിഭവ പരിപാലന പ്ലാൻ

തൂതപ്പുഴയുടെ വൃഷ്ടി പ്രദേശത്ത് ഉൾപ്പെടുന്ന 13 ചെറുനീർത്തടങ്ങളിൽ 7 ചെറുനീർത്തടങ്ങളുടെ പ്രകൃതി വിഭവ പരിപാലന രേഖകൾ തയ്യാറാക്കി.

2. കണ്ണാടി നദീതടത്തിന്റെ പ്രകൃതി വിഭവ പരിപാലന പ്ലാൻ

കണ്ണാടിപ്പുഴയിലേക്ക് നീരൊഴുക്ക് കേന്ദ്രീകരിക്കുന്ന ചെറുനീർത്ത ങ്ങളുടെ പ്രകൃതി വിഭവപരിപാലന രേഖകൾ തയ്യാറാക്കി.

3. കീച്ചേരി നദീതടത്തിന്റെ പ്രകൃതി വിഭവ പരിപാലന പ്ലാൻ

തൃശ്ശൂർ ജില്ലയിൽ കീച്ചേരി പുഴയുടെ ആരംഭ വൃഷ്ടി പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 15 ചെറുനീർത്തടങ്ങളുടെ പ്രകൃതി വിഭവ പരിപാലന രേഖകൾ തയ്യാറാക്കി.

4. മംഗലം പുഴയുടെ ദക്ഷിണ വൃഷ്ടി പ്രദേശങ്ങൾക്കായി ഇക്കോ റീസ്റ്റോറേഷൻ പ്ലാൻ

പാലക്കാട് ജില്ലയിൽ ഗായത്രിപ്പുഴയുടെ പ്രധാന ഉപനദിയായ മംഗലം പുഴയുടെ പടിഞ്ഞാറൻ വൃഷ്ടി പ്രദേശത്ത് വ്യാപിച്ചുകിടക്കുന്ന 16 ചെറു നീർത്തടങ്ങൾ ഉൾപ്പെടുന്ന പദ്ധതി പ്രദേശത്തെ 231 സാമ്പിൾ ഗ്രിഡുകളായ വിഭജിച്ചുകൊണ്ട് 10 ടെറയിൻ യൂണിറ്റുകളിൽനിന്നും പാരിസ്ഥിതിക പുനഃസ്ഥാപനത്തിന് ഏറ്റവും അനുയോജ്യമായ വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ പുൽവർഗ്ഗങ്ങൾ എന്നിവയുടെ കൂട്ടായ്മ കണ്ടെത്തി ഇക്കോറീസ്റ്റോറേഷന പ്ലാൻ തയ്യാറാക്കി.

**6. അനുയോജ്യ ഭൂവിനിയോഗ മാതൃക തയ്യാറാക്കൽ**

അനുയോജ്യ ഭൂവിനിയോഗ മാതൃകാ പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭയുടെ 26 വാർഡുകളിൽ ഫീൽഡ് പ്രവർത്തനം പൂർത്തിയാക്കി പ്രമേയഭൂപടങ്ങൾ തയാറാക്കി.

**7. ഭവാനി നദീതടത്തിന്റെ ഭൂ അപഗ്രഥനം**

ഭവാനി നദീതടത്തിലെ 23 ചെറുനീർത്തടങ്ങൾ വിലയിരുത്തലിന് വേണ്ടിയുള്ള പഠനം നടത്തി മഴ, മണ്ണ്, ഭൂപ്രകൃതി, ഭൂവിനിയോഗം, ചരിവ് എന്നിവ കണക്കിലെടുത്ത് ജി.ഐ.എസ്. സംവിധാനത്തിലൂടെ RUSLE

മോഡൽ ഉപയോഗിച്ച് വാർഷിക ശരാശരി മണ്ണൊലിപ്പ് കണക്കാക്കുകയും, മണ്ണൊലിപ്പ് കൂടുതൽ അനുഭവിക്കുന്ന പ്രദേശങ്ങളെ തരം തിരിക്കുകയും ചെയ്തു. കൂടാതെ ജി.ഐ.എസ്. സംവിധാനത്തിലൂടെ 18 ചെറു നീർത്തടങ്ങളുടെ Morphometric അനാലിസിസ് നടത്തി വെള്ളപ്പൊക്ക സാധ്യത മേഖലകൾ നിർണ്ണയിക്കുകയുണ്ടായി.

**8. തണ്ണീർത്തട വിവര സംവിധാനം**

കണ്ണൂർ ജില്ലയുടെ തണ്ണീർത്തട ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്.

**9. ഭൂവിഭവ വിവര സംവിധാനം**

ഭൂവിവര സംവിധാന പദ്ധതിയിൽ കോട്ടയം ജില്ലയിലെ 8 ബ്ലോക്കുകളുടെയും 3 മുനിസിപ്പാലിറ്റികളുടെയും കൊല്ലം ജില്ലയിലെ 7 ബ്ലോക്കുകളുടെയും കണ്ണൂർ ജില്ലയുടേയും ഭൂവിനിയോഗ ഡാറ്റ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

- മറ്റ് വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ, കേന്ദ്ര സർക്കാർ എന്നിവയിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

I. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ്. അധിഷ്ഠിത സംയോജിത പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകി വരുന്നു.

II. പാറശ്ശാല പഞ്ചായത്തിന് പഞ്ചായത്ത്തല പ്രകൃതി വിഭവ ഭൂപട ഡാറ്റാബുക്ക് തയ്യാറാക്കി നൽകി.

III. PMKSY-WDC-2 New Generation Water Shed Project-ന്റെ ഭാഗമായി നേമം അടിമാലി ബ്ലോക്കുകൾക്ക് Detailed Project Report-കൾ തയ്യാറാക്കി നൽകി.

- വകുപ്പിൽ 10 കോടി രൂപയിലധികം വകയിരുത്തിയിരിക്കുന്ന കരാറുകൾ/പർച്ചേസുകൾ : ഇല്ല
- ആരംഭിച്ച് അഞ്ച് വർഷത്തിലേറെയും പൂർത്തീകരിക്കാത്ത പദ്ധതികൾ/പ്രോജക്ടുകൾ എന്നിവയുടെ വിശദാംശങ്ങൾ കാരണം സഹിതം : ഇല്ല
- സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ : ഇല്ല
- കരാറുകളിലെ പോരായ്മകൾക്കെതിരെ എടുത്ത നിയമ നടപടികൾ : ഇല്ല
- പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ, നിയമ വിരുദ്ധ വസ്തുക്കൾ എന്നിവ നശിപ്പിക്കാത്തതിന്റെ വിശദാംശങ്ങൾ : ഇല്ല

## 2021-22-ലെ പദ്ധതി വിഹിതത്തിന്റെ ചെലവും കൈവരിച്ച നേട്ടങ്ങളും

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2021-22 ബജറ്റ് വിഹിതം (ലക്ഷം രൂപ) | 2021-22 ചെലവ് (ലക്ഷം രൂപ) | 2021-22 ചെലവ് ശതമാനം $(\frac{\text{കോളം } 4}{\text{കോളം } 3} \times 100)$ | കൈവരിച്ച നേട്ടങ്ങൾ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ (2402-00-001-98 പ്ലാൻ) | 128.00 | 51.77 | 40.466 | 1. ഭൂവിനിയോഗ ബോർഡ് വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേക്കായി ആവശ്യപ്പെട്ട വിവരങ്ങളും ഭൂപടങ്ങളും തയ്യാറാക്കി നൽകി. കൊല്ലം, വയനാട് ജില്ലകളിലെ തരിശ്ശുഭൂമിയുടെ സ്പേഷ്യൽ ഡാറ്റാബേസ് തയ്യാറാക്കി.<br><br>2. വകുപ്പിൽ തയ്യാറാക്കിയ വിവരങ്ങളും വിവിധ വകുപ്പുകളിൽ ഭൂവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ അടിസ്ഥാന വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് പത്തനതിട്ട ജില്ലയുടെ പഞ്ചായത്ത്തല പ്രകൃതിവിഭവ ഡാറ്റാബാങ്ക് തയ്യാറാക്കി.<br><br>3. വിവിധ ജില്ലകളിലായി, പ്രളയ/ഉരുൾപ്പൊട്ടൽ ബാധിത വില്ലേജുകൾ ഉൾപ്പെടുന്ന 11 ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഭൂവിനിയോഗം, പ്രശ്നങ്ങൾ, സാധ്യതകൾ എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുയോജ്യമായതും, പരമാവധി ഉൽപ്പാദനവും വരുമാനവും ലഭ്യമാകുന്ന തരത്തിലുള്ളതുമായ ഭൂവിനിയോഗ നിർണ്ണയ മാതൃകകൾ തയ്യാറാക്കി. |



| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| | | | | | 4. കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തുവരുന്നു.<br><br>5. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) എന്ന വിഷയത്തിൽ രണ്ട് ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കാർഷിക കോളേജ് വിദ്യാർത്ഥികൾക്കായി ട്രയിനിംഗ് നൽകുകയുണ്ടായി.<br><br>6. ഇൻസർവ്വീസ് പരിശീലനപരിപാടിയുടെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥരെ വിവിധ ട്രെയിനിംഗുകൾക്ക് നിയോഗിക്കുകയുണ്ടായി. |
| | ബ്ലോക്ക് പഞ്ചായത്ത് തല വിഭവ പര്യവേക്ഷണം (2402-00-001-96 പ്ലാൻ) | 152.00 | 80.810 | 53.165 | 1. തൂത നദീതട പ്ലാൻ രൂപീകരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ താഴേക്കാട് (ഭാഗീകം), ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, മൂർക്കനാട്, ഇരുമ്പിളിയം (ഭാഗീകം) എന്നീ പഞ്ചായത്തുകളിലും പെരിന്തൽമണ്ണ നഗരസഭയിലുമായി (ഭാഗീകം)വിന്യസിച്ചിരിക്കുന്ന 13 ചെറുനീർത്തടങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, പാടശേഖര സമിതി ഭാരവാഹികൾ എന്നിവരിൽ നിന്നും ദ്വിതീയ വിവരശേഖരണവും തുടർന്ന് ഫീൽഡ് സർവ്വേയും പൂർത്തീകരിച്ചു. മലപ്പുറം ജില്ലയിൽ തൂതപ്പുഴയുടെ വൃഷ്ടിപ്രദേശത്ത് ഉൾപ്പെടുന്ന 13 ചെറു നീർത്തടങ്ങളിൽ 7 ചെറുനീർത്തടങ്ങളുടെ പദ്ധതി രേഖകൾ തയ്യാറാക്കി. |

| (2) | (3) | (4) | (5) | (6) |
|---|---|---|---|---|
| | | | | 2. കണ്ണാടി നദീതട പ്ലാൻ രൂപീകരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ തത്തമംഗലം നഗരസഭ (പൂർണ്ണം), കണ്ണാടി, മാത്തൂർ, പറളി എന്നീ ഗ്രാമപഞ്ചായത്തുകളിലായി വിന്യസിച്ചിരിക്കുന്ന 5 ചെറു നീർത്തടങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, പാടശേഖര സമിതി ഭാരവാഹികൾ എന്നിവരിൽനിന്നും ദ്വിതീയ വിവരശേഖരണവും തുടർന്ന് ഫീൽഡ് സർവ്വേയും പൂർത്തീകരിച്ചു. പാലക്കാട് ജില്ലയിൽ കണ്ണാടി പുഴയുടെ ദക്ഷിണ വൃഷ്ടി പ്രദേശത്ത് ഉൾപ്പെടുന്ന 5 ചെറുനീർത്തടങ്ങളുടെ പദ്ധതി രേഖകൾ തയ്യാറാക്കി.<br><br>3. തൃശ്ശൂർ ജില്ലയിൽ കേച്ചേരിപുഴയുടെ പ്രധാന ഉപനദിയായ വടക്കാഞ്ചേരി പുഴയുടെ ആരംഭ വൃഷ്ടിപ്രദേശങ്ങളിൽ ഉൾപ്പെടുന്നതും വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, എരുമപ്പെട്ടി എന്നീ ഗ്രാമപഞ്ചായത്തുകളിലായി വിന്യസിച്ചിരിക്കുന്ന 15 ചെറുനീർത്തടങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, പാടശേഖരസമിതി ഭാരവാഹികൾ എന്നിവരിൽനിന്നും ദ്വിതീയ വിവരശേഖരണവും തുടർന്ന് ഫീൽഡ് സർവ്വേയും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിൽ കേച്ചേരിപ്പുഴയുടെ വൃഷ്ടിപ്രദേശത്ത് ഉൾപ്പെടുന്ന 15 ചെറുനീർത്തടങ്ങളുടെയും പദ്ധതിരേഖകൾ തയ്യാറാക്കി.<br><br>4. പാലക്കാട് ജില്ലയിൽ ഗായത്രിപുഴയുടെ പ്രധാന ഉപനദിയായ മംഗലപ്പുഴയുടെ പടിഞ്ഞാറൻ വൃഷ്ടിപ്രദേശത്ത് വ്യാപിച്ചു കിടക്കുന്ന 16 ചെറുനീർത്തടങ്ങൾ ഉൾപ്പെടുന്ന പദ്ധതിപ്രദേശത്തെ 231 സാമ്പിൾ ഗ്രിഡുകളായി വിഭജിച്ചുകൊണ്ട് 10 ടെറയിൻ |



| (2) | (3) | (4) | (5) | (6) |
|---|---|---|---|---|
| | | | | യൂണിറ്റുകളിൽനിന്നും പാരിസ്ഥിതിക പുനസ്ഥാപനത്തിന് ഏറ്റവും അനുയോജ്യമായ വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, പുൽവർഗ്ഗങ്ങൾ എന്നിവയുടെ കൂട്ടായ്മ കണ്ടെത്തി ഇക്കോ റീസ്റ്റോറേഷൻ പ്ലാൻ തയ്യാറാക്കി.<br><br>5. ഭവാനി നദീതടത്തിലെ 23 ചെറുനീർത്തടങ്ങളിലെ ഭൂമി വില യിരുത്തലിന് വേണ്ടിയുള്ള പഠനം നടത്തി മഴ, മണ്ണ്, ഭൂപ്രകൃതി, ഭൂവിനിയോഗം ചരിവ് എന്നിവ കണക്കിലെടുത്ത് ജി.ഐ.എസ്. സംവിധാനത്തിലൂടെ RUSLE മോഡൽ ഉപയോഗിച്ച് വാർഷിക ശരാശരി മണ്ണൊലിപ്പ് കണക്കാക്കുകയും മണ്ണൊലിപ്പ് കൂടുതൽ അനുഭവിക്കുന്ന പ്രദേശങ്ങളെ തരംതിരിക്കുകയും ചെയ്തു. കൂടാതെ ജി.ഐ.എസ്. സംവിധാനത്തിലൂടെ 23 ചെറുനീർത്തട ങ്ങളുടെ Morphometric അനാലിസിസ് നടത്തി വെള്ളപ്പൊക്ക സാധ്യത മേഖലകൾ നിർണ്ണയിക്കുകയുണ്ടായി.<br><br>6. കൊച്ചി നഗരസഭയിലെ 26 വാർഡുകളിൽ അനുയോജ്യ ഭൂവിനിയോഗ മാതൃക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഫീൽഡ് പരിശോധന പൂർത്തിയാക്കി പ്രമേയ ഭൂപടങ്ങൾ തയ്യാറാക്കി. |
| ഭൂവിഭവ വിവര സംവിധാനം (2402-00-001-90 പ്ലാൻ) | 50.00 | 19.310 | 38.621 | ഭൂവിവര സംവിധാന പദ്ധതിയിൽ കോട്ടയം ജില്ലയിലെ 8 ബ്ലോക്കുകളുടെയും 3 മുനിസിപ്പാലിറ്റികളുടെയും കൊല്ലം ജില്ലയിലെ 7 ബ്ലോക്കുകളുടെയും കണ്ണൂർ ജില്ലയുടെയും ഭൂവിനിയോഗ ഡാറ്റ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. തണ്ണീർത്തട വിവരസംവിധാനം പ്രോജക്ടിൽ കണ്ണൂർ ജില്ലയുടെ തണ്ണീർത്തട സ്പേഷ്യൽ ഡാറ്റാബേസ് തയ്യാറാക്കി. |
| **ആകെ** | **330.00** | **151.89** | **46.03** | |

**വരവു ചെലവുകൾ**

ശമ്പളം, യാത്രാബത്ത, സബ്സിഡി, പലിശ, പബ്ലിസിറ്റി, കൺസൾട്ടൻസി എന്നിവയ്ക്കായി വേണ്ടിവന്ന ചെലവുകൾ

| | | |
|---|---|---|
| ശമ്പളം | : | ₹ 404.23 lakh |
| യാത്രാ ചെലവുകൾ | : | ₹ 0.93 lakh |

സർക്കാർ, കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, എൻ.ജി.ഒ. എന്നിവയ്ക്ക് നൽകിയ ഗ്രാൻഡ്/നിക്ഷേപം/ ലോൺ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ : ഇല്ല

വകുപ്പിന്റെ ആകെ വരുമാനം—നികുതി, നികുതി ഇതര, പിഴ എന്നിവയിലൂടെ ലഭിച്ച വരുമാനം ₹ 11,78,508 (ഭൂപടങ്ങളുടെയും ഷെയ്പ് ഫയലുകളുടെയും വിൽപ്പന വഴി)

**വകുപ്പ് കൈകാര്യം ചെയ്യുന്ന പി.ഡി./ടി.പി./എസ്.സി. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ**

| | | |
|---|---|---|
| 1. STSB അക്കൗണ്ട് | : | STSB701011400000225 |
| 2. ലക്ഷ്യം | : | നീർത്തടാധിഷ്ഠിത പ്രോജക്ടുകൾ |
| G.O. No. | : | G.O (Rt.) No. 300/2012/Fin. dated 10-1-2012 |

- തീർപ്പാക്കാത്ത ബില്ലുകളുടെയും അഡ്വാൻസുകളുടെയും വിശദാംശങ്ങൾ : ഇല്ല
- വകുപ്പിലേക്കുള്ള സപ്ലൈ, മറ്റ് ജോലികൾ എന്നിവയ്ക്കായി സർക്കാർ, സർക്കാർ ഇതര ഏജൻസികൾക്കായി മുൻകൂർ തുക നൽകുകയും അവ തീർപ്പാക്കാത്തതിന്റെയും വിശദാംശങ്ങൾ : ഇല്ല

| | | |
|---|---|---|
| • വർഷത്തിന്റെ തുടക്കത്തിലും അവസാനവുമുള്ള വരുമാനത്തിന്റെ അരിയർ | : | ഇല്ല |
| • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയ തുകയുടെ വിശദാംശങ്ങൾ | : | ഇല്ല |
| • ട്രഷറി, ബാങ്ക്, പൊതുമരാമത്ത് വകുപ്പ് എന്നിവിടങ്ങളിൽ സ്പെഷ്യൽ ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ | : | ഇല്ല |
| • ആനുവൽ അക്കൗണ്ടുകളും പ്രൊഫോർമ അക്കൗണ്ടുകളും തയ്യാറാക്കുന്നതിന്റെ വിശദാംശങ്ങൾ | : | ഇല്ല |
| • നടപ്പുവർഷം നടന്ന ധനദുർവിനിയോഗം/നഷ്ടം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ | : | ഇല്ല |
| • നടപ്പുവർഷം എഴുതിത്തള്ളുകയോ ഒഴിവാക്കുകയോ ചെയ്ത ഫണ്ടിന്റെ വിശദാംശം | : | ഇല്ല |
| • അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ | : | 3/2022 വരെ |
| • മറ്റ് വകുപ്പുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ഫണ്ട് സ്വീകരിക്കുകയും അവ വിനിയോഗിക്കാത്തതിന്റെയും വിശദാംശങ്ങൾ | : | വിവിധ പദ്ധതികൾക്കായി സ്വീകരിച്ചിട്ടുള്ള തുക അതാത് പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട് |

**അടിസ്ഥാന സൗകര്യങ്ങൾ**

- 50 ലക്ഷം രൂപയോ അതിലധി കമോ തുക ചെലവായി നിർമ്മിച്ച കെട്ടിടങ്ങൾ, മറ്റു നിർമ്മിതികൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ചെലവായ തുകയുടെയും വിശദാംശങ്ങൾ : ഇല്ല
- നിർമ്മിക്കുകയും വിവിധ കാരണങ്ങളാൽ ഉപയോഗിക്കാത്ത തുമായ അടിസ്ഥാന സൗകര്യ ങ്ങളുടെ വിശദാംശങ്ങൾ : ഇല്ല
- കൃത്യമായി ഉപയോഗിക്കാത്ത അടിസ്ഥാന സൗകര്യങ്ങൾ : ഇല്ല
- നടപ്പുവർഷം വാങ്ങിയ/ ഡിസ്പോസ് ചെയ്ത വാഹന ങ്ങളുടെ വിശദാംശങ്ങൾ : ഇല്ല
- മറ്റ് ഏജൻസികളിലേക്ക് മാറിയ വസ്തുവകകൾ : ഇല്ല
- 5 ലക്ഷം രൂപയോ അതിലധികമോ ചെലവാക്കി വാങ്ങിയ ഉപകരണ ങ്ങൾ, സാമഗ്രികൾ : ഇല്ല
- കേടുവന്നതും ഒഴിവാക്കുകയും ചെയ്ത വസ്തുക്കൾ : ഇല്ല
- ഭൂമി വാങ്ങിയതിന്റെ/ആർജ്ജിച്ച തിന്റെ വിശദാംശങ്ങൾ : ഇല്ല

**വകുപ്പിലെ പ്രസിദ്ധീകരണങ്ങൾ**

- നടപ്പുവർഷം തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്ത മാന്വലുകൾ, കോഡുകൾ : ഇല്ല

- വിവരം നൽകാത്തതിനാൽ പിഴയായി ഒടുക്കിയ തുക : ഇല്ല
- വകുപ്പ് സ്വമേധയാ തീർപ്പാക്കിയ കേസുകൾ : 26 എണ്ണം
- വകുപ്പിനെ സംബന്ധിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷനു മുൻപിലുള്ള കേസുകൾ : 1

**ഇന്റേണൽ കൺട്രോൾ സിസ്റ്റം**

വകുപ്പിലെ ഇന്റേണൽ ഓഡിറ്റിന് ചുമതലയുള്ള ഉദ്യോഗസ്ഥർ

ഓഡിറ്റ് മോണിറ്ററിംഗ് : ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്), സീനിയർ സൂപ്രണ്ട്

ഹെഡ് ഓഫീസിലെ ഓഡിറ്റ് ടീം : അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ), ഡോക്യുമെന്റേഷൻ അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ്

മേഖലാ ഓഫീസിലെ ഓഡിറ്റ് ടീം : അസിസ്റ്റന്റ് ഡയറക്ടർ (അഗ്രിക്കൾച്ചർ), പബ്ലിക്കേഷൻ അസിസ്റ്റന്റ്, ഹെഡ് ക്ലാർക്ക്

അവസാനം നടത്തിയ ഓഡിറ്റിന്റെ വിശദാംശങ്ങൾ

ഹെഡ് ഓഫീസ് : 31-3-2022 വരെ

മേഖലാ ഓഫീസ് : 31-3-2022 വരെ

അക്കൗണ്ടന്റ് ജനറലിന്റെ പരാമർശങ്ങൾ : ഇല്ല

ഓഡിറ്റ് കമ്മിറ്റി മീറ്റിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ : ഇല്ല